# നിങ്ങളിലെ നന്മ അല്ലാഹുവിനെ കാണിക്കുവിൻ!

عَنْ عُبَادَةَ بْنِ الصَّامِتِ رَضِيَ اللَّهُ عَنْهُ ، أَنَّ رَسُولَ اللَّهِ ﷺ قَالَ يَوْمًا ، وَحَضَرَ رَمَضَانُ : أَتَاكُمْ رَمَضَانُ شَهْرُ بَرَكَةٍ يَغْشَاكُمُ اللَّهُ فِيهِ فَيُنْزِلُ الرَّحْمَةَ ، وَيَحُطُّ الْخَطَايَا ، وَيَسْتَجِيبُ فِيهِ الدُّعَاءَ ،يَنْظُرُ اللَّهُ تَعَالَى إِلَى تَنَافُسِكُمْ ، وَيُبَاهِي بِكُمْ مَلَائِكَتَهُ ، فَأَرُوا اللَّهَ تَعَالَى مِنْ أَنْفُسِكُمْ خَيْرًا ، فَإِنَّ الشَّقِيَّ مَنْ حُرِمَ فِيهِ رَحْمَةَ اللَّهِ عَزَّ وَجَلَّ

**ഉബാദത്തുബ്നു സ്വാമിതി(റ)ൽനിന്ന്: ഒരിക്കൽ റമദാൻ സമാഗതമായപ്പോൾ നബി(സ) പറഞ്ഞു: "അനുഗൃഹീത മാസമായ റമദാൻ നിങ്ങൾക്കിതാ വന്നെത്തിയിരിക്കുന്നു! ഈ മാസം അല്ലാഹു (അവന്റെ കാരുണ്യത്താൽ) നിങ്ങളെ പൊതിയുന്നു. നിങ്ങളുടെ മേൽ അവൻ അനുഗ്രഹം വർഷിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുക്കുകയും ചെയ്യുന്നു. നിങ്ങളുടെ പ്രാർഥനകൾക്ക് അവൻ ഉത്തരം നൽകുന്നു. ഈ മാസം സൽക്കർമങ്ങളനുഷ്ഠിക്കുന്നതിൽ നിങ്ങൾ മത്സരിക്കുന്നത് അവൻ നോക്കിക്കൊണ്ടിരിക്കുന്നു. നിങ്ങളെക്കുറിച്ച് അവൻ മലക്കുകളോട് അഭിമാനപൂർവം സംസാരിക്കുന്നു. അതിനാൽ നിങ്ങളിലെ നന്മ നിങ്ങൾ അല്ലാഹുവിനെ കാണിക്കുവിൻ! നിശ്ചയം, ഈ മാസം അല്ലാഹുവിന്റെ കാരുണ്യം തടയപ്പെടുന്നവനാരോ അവൻ തന്നെ ഏറ്റവും വലിയ ഹതഭാഗ്യൻ." ***

**അല്ലാഹു** തന്റെ സവിശേഷ കാരുണ്യത്താൽ സൃഷ്ടികളെ പൊതിഞ്ഞു നിൽക്കുന്ന മാസമാണ് റമദാൻ. റമദാനിലെ പോലെ ദൈവാനുഗ്രഹങ്ങൾ നിറഞ്ഞൊഴുകുന്ന മറ്റൊരു സമയവും കാലവുമില്ല. പുണ്യങ്ങളുടെ പൂക്കാലവും ദൈവാനുഗ്രഹങ്ങളുടെ പെരുമഴക്കാലവുമാണത്. ഇത് തിരിച്ചറിഞ്ഞ് റമദാനെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ വിശ്വാസികൾ ജാഗ്രത കാണിക്കണം. ഒരു കാരണവശാലും റമദാന്റെ നന്മകൾ കളഞ്ഞുപോകാൻ ഇട വരരുത്.

ഒരു തള്ളപ്പക്ഷി തന്റെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതുപോലെ റമദാനിൽ വ്രതമനുഷ്ഠിക്കുന്നവരെ അല്ലാഹു അവന്റെ കാരുണ്യത്തിന്റെ ചിറകുകൾക്കുള്ളിൽ സംരക്ഷിച്ചു നിർത്തുന്നു. അനുഗ്രഹങ്ങൾ അവർക്കു മേൽ ചൊരിയുകയും പാപങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുന്നു. 'കുറ്റങ്ങൾ പൊറുക്കപ്പെടുക' എന്നതാണ് റമദാനിലെ ഏറ്റവും വലിയ അനുഗ്രഹം. നബി(സ) പറഞ്ഞു: "ഇതാ ഒരു റമദാൻ നിങ്ങൾക്ക് വന്നു ചേർന്നിരിക്കുന്നു! സ്വർഗകവാടങ്ങൾ ഈ മാസം തുറക്കപ്പെടുകയും നരകവാതിലുകൾ അടക്കപ്പെടുകയും ചെയ്യുന്നു. പിശാചുക്കൾ ബന്ധനസ്ഥരാക്കപ്പെടുന്നു. നിശ്ചയം, റമദാൻ വന്നുകിട്ടിയിട്ടും പാപങ്ങൾ പൊറുക്കപ്പെടാത്തവൻ ദൈവകാരുണ്യത്തിൽനിന്ന് ബഹുദൂരം അകന്നു പോകട്ടെ! ഈ മാസം ഒരാളുടെ പാപങ്ങൾ പൊറുക്കപ്പെട്ടിട്ടില്ലെങ്കിൽ പിന്നീടെപ്പോഴാണ് അവന്റെ പാപങ്ങൾ പൊറുക്കപ്പെടുക?" (ത്വബ്റാനി).

പ്രാർഥനകൾക്ക് ഉത്തരം നൽകപ്പെടുന്നു എന്നതാണ് റമദാനിലെ മറ്റൊരു സവിശേഷത. നോമ്പുകാരന്റെ പ്രാർഥന ഒരു കാരണവശാലും തള്ളപ്പെടുന്നില്ല. സദാസമയവും ദൈവചിന്തയിൽ മാത്രം കഴിഞ്ഞുകൂടുന്നവനാണ് നോമ്പുകാരൻ. അന്നപാനീയങ്ങളും ദാഹമോഹങ്ങളുമെല്ലാം ദൈവ കൽപനക്ക് വിധേയമായി ഉപേക്ഷിച്ചവൻ. ഭൗതികമായ മറ്റേതു താൽപര്യങ്ങളെക്കാളും അല്ലാഹുവാണ് തനിക്ക് വലുത് എന്ന് പ്രഖ്യാപിച്ചവൻ. അതിനാൽ നോമ്പുകാരന്റെ പ്രാർഥനക്ക് ദൈവസന്നിധിയിൽ പ്രത്യേക പരിഗണനയും പ്രാധാന്യവുമുണ്ട്. നബി(സ) പറഞ്ഞു: "റമദാനിൽ അല്ലാഹുവിനെ സ്മരിച്ചുകഴിയുന്നവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. ആ മാസത്തിൽ അല്ലാഹുവിനോട് പ്രാർഥിക്കുന്നവൻ നിരാശനാകുന്നതല്ല" (ത്വബ്റാനി, ബൈഹഖി).

മറ്റൊരാളെ മറികടന്ന് കർമം ചെയ്യുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നതിനാണ് 'തനാഫുസ്' (മത്സരം) എന്നു പറയുക. നോമ്പുകാരൻ ഈയൊരു മാനസികാവസ്ഥയോടെയാണ് റമദാനിനെ വരവേൽക്കുക. 'മലക്കുകളുടെ മുന്നിൽ നോമ്പുകാരനെക്കുറിച്ച് അല്ലാഹു അഭിമാനം കൊള്ളുന്നു' എന്ന വാക്യം വ്രതവും അനുബന്ധ കർമങ്ങളും അല്ലാഹുവിന് എത്രമാത്രം പ്രിയപ്പെട്ടതാണെന്ന് വ്യക്തമാക്കുന്നു. ഒരു തിരുവചനം ഇങ്ങനെയാണ്: നോമ്പുകാരനെ ചൂണ്ടി അല്ലാഹു മലക്കുകളോട് പറഞ്ഞുകൊണ്ടിരിക്കും: "എന്റെ ദാസനെ നിങ്ങൾ നോക്കുക! എന്റെ പ്രതിഫലം കാംക്ഷിച്ചുകൊണ്ട് അവൻ അന്നപാനീയങ്ങൾ വർജിക്കുകയും വികാര വിചാരങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്നത് കാണുന്നില്ലേ!" (ദൈലമി, ഇബ്നുസുന്നി)

റമാദനിൽ പ്രവാചകന്റെ സ്വഭാവ ശീലങ്ങളെക്കുറിച്ച് ആഇശ(റ) പറയുന്നു: "റമദാൻ വന്നെത്തിയാൽ പ്രവാചകനിൽ ഭാവവ്യത്യാസമുണ്ടാവുകയും അവിടുത്തെ ദൈവഭയം അതീവജാഗ്രത്താവുകയും ചെയ്യാറുണ്ടായിരുന്നു. നമസ്കാരങ്ങൾ അധികരിപ്പിക്കുകയും പ്രാർഥനകളിൽ മുഴുകുകയും ചെയ്യാറുണ്ടായിരുന്നു" (ബൈഹഖി - *ശുഅബുൽ ഈമാൻ*). ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ത്വബ്റാനി, *അൽ മുഅ്ജമുൽ കബീറിൽ* ഉദ്ധരിച്ച ഈ തിരുവചനം 'ഹസൻ' ആണെന്ന് പ്രമുഖ പണ്ഡിതന്മാർ മുഹ്യുദ്ദീൻ ദീബ്മിസ്തു, സമീർ അഹ്മദുൽ അത്താർ, യൂസുഫ് അലി ബുദൈവി എന്നിവർ അവകാശപ്പെടുന്നു.